# ഐ.ടി അറ്റ് സ്കൂൾ കോട്ടയം

## 2 ദിവസത്തെ കുട്ടികളുടെ അവധിക്കാല ശിൽപശാല

ഒന്നാം ദിവസം

**9.30am -9.45am രജിസ്ട്രേഷൻ**

**9.45am -10am കൂട്ടുകാരനെ /കൂട്ടുകാരിയെ പരിചയപ്പെടാം.**

ഓരോ കുട്ടിയും തന്റെ അടുത്തിരിക്കുന്ന കുട്ടിയെ പരിചയപ്പെടുത്തുന്നു. (സ്കൂളിന്റെ പേര്, കുട്ടിയുടെ പേര്,ക്ലാസ്സ്, കമ്പ്യൂട്ടറിലുള്ള മുന്നറിവുകൾ,ഐ.ടി.മേളകളിലും മറ്റും എന്തെങ്കിലും സമ്മാനം ലഭിച്ചിട്ടുണ്ടെങ്കിൽ അത് തുടങ്ങിയവ കൂട്ടുകാരനോട് / കൂട്ടുകാരിയോട് ചോദിച്ച് മനസ്സിലാക്കി വേണം അവതരിപ്പിക്കാൻ.

**10am -10.10 am പരിശീലനപരിപാടി**

പരിശീലന പരിപാടിയെക്കുറിച്ച് RP വിശദീകരിക്കുന്നു. കുട്ടികളിൽ നിന്നും ഒരാളെ ലീഡറായും മറ്റൊരാളെ ഡപ്യൂട്ടി ലീഡറായും തെരഞ്ഞെടുക്കാം. പരിശീലന പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് ഓരോ ദിവസത്തേക്കും രണ്ട് കുട്ടികളെ വീതം തെരഞ്ഞെടുക്കാം.

**10.10am-10.15am ഫോൾഡർ നിർമ്മിക്കാം**

കുട്ടികളെ രണ്ട്പേർ വീതം ഗ്രൂപ്പുകളായി തിരിച്ച്.ഓരോഗ്രൂപ്പിനും ഓരോ കമ്പ്യൂട്ടർ നൽകാം. ഡസ്ക്ടോപ്പിൽ ഓരോ ഗ്രൂപ്പിന്റെയും പേരിൽ ഫോൾഡർ നിർമ്മിച്ച് അതിനുള്ളിൽ **Documents Images,Downloads** ,എന്നീ സബ് ഫോൾഡറുകൾ നിർമ്മിക്കണം.

**10.15am – 10.45am വരയ്ക്കാം കളിക്കാം** (കീബോർഡ് മൗസ് പ്രാക്ടീസ്)

കുട്ടികളോട് ഇഷ്ടപ്പെട്ട ചിത്രം വരയ്ക്കാൻ ആവശ്യപ്പെടാം ചിത്രം വരയ്ക്കാൻ X-paint, Gimp എന്നിവയിൽ ഏതെങ്കിലും സോഫ്റ്റ് വെയർ ഉപയോഗിക്കാം. ഓരോഗ്രൂപ്പും വരച്ച ചിത്രങ്ങൾ മറ്റ് ഗ്രൂപ്പുകൾ വിലയിരുത്തട്ടെ. നന്നായി ചിത്രം വരച്ചെന്ന് തോന്നിയ ഗ്രൂപ്പിനെ Demo ചെയ്യുന്നതിന് ഉപയോഗിക്കാം. **Paint Software ലെ കൂടുതൽ ടൂളുകൾ RP പരിചയപ്പെടുത്തുന്നു. ചിത്രം Images എന്ന ഫോൾഡറിൽ സേവ് ചെയ്യുന്നു.**

**10.30am-11.30am നമുക്കൊരു ഡോക്യുമെന്റ് തയ്യാറാക്കാം.മലയാളം ടൈപ്പിംഗ് പരിശീലനം –**

സ്കൂൾ ഐ.ടി ക്ലബ്ബിന്റെ ഉദ്ഘാടനത്തിന് തിയ്യതിനിശ്ചയിച്ചിരിക്കുന്നു.ഉദ്ഘാടകനെയും മറ്റ് വിശിഷ്ട വ്യക്തികളെയും ക്ഷണിച്ചുകൊണ്ട് ഒരു നോട്ടീസ് തയ്യാറാക്കണം.നോട്ടീസിന്റെ മാതൃക നോട്ടുബുക്കിൽ തയ്യാറാക്കിയശേഷം വേഡ്പ്രോസസ്സറിൽ നോട്ടീസ് തയ്യാറാക്കി Documents എന്ന ഫോൾഡറിൽ സേവ്ചെയ്യണം.ഫോണ്ട്ഫോർമാറ്റിംഗ്,പാരഗ്രാഫ്,
ബോർഡർ,ഇൻഡന്റ്,അലൈൻമെന്റ്,ബോൾഡ്,ഇറ്റാലിക്സ് തുടങ്ങിയ ടൂളുകൾ ഉപയോഗിക്കണം.
**കൂടുതൽ ടൂളുകൾ കണ്ടെത്തി നോട്ടീസ് മെച്ചപ്പെടുത്തി സേവ് ചെയ്യുന്നതിന് ആവശ്യപ്പെടാം**

**11.30am-11.40am Tea Break**

**11.40am-12.20pm ഇന്റർനെറ്റിലൂടെ.........**

കുട്ടികൾക്ക് പരിചയമുള്ള വെബ്സൈറ്റ് അഡ്രസ്സുകൾ നോട്ടുബുക്കിൽ കുറിച്ച് വയ്ക്കുന്നു. കൂടുതൽ സൈറ്റുകളുടെ അഡ്രസ്സുകൾ ചർച്ചയിലൂടെ കണ്ടെത്തുന്നു.
വിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റ്
സ്കൂൾ വിക്കി
ഐ.ടി അറ്റ് സ്കൂൾ വെബ്സൈറ്റ്
തുടങ്ങിയ വെബ്സൈറ്റുകൾ കുട്ടികൾ സന്ദർശിക്കുന്നു

**ഗൂഗിൾ എന്ന സേർച്ച് എൻജിൻ**

ഗൂഗിളിൽ കീവേർഡ് ഉപയോഗിച്ച് സെർച്ച് ചെയ്ത് Physics,Chemistry,Biology,തുടങ്ങിയ പാഠഭാഗങ്ങളിൽ നിന്നുള്ള ചിത്രങ്ങളും വിവരങ്ങളും ശേഖരിക്കുന്നു. ഫോൾഡറിൽ സേവ് ചെയ്യുന്നു.

**12.20pm – 1.20pm മൂവി പ്ലയറുകൾ, എംപ്ലെയർ, മൂവി പ്ലെയർ, VLC മീഡിയ പ്ലയർ** തുടങ്ങിയവ പ്രവർത്തിപ്പിക്കുകയും പ്രവർത്തനം താരതമ്യം ചെയ്യുകയും ചെയ്യുന്നു.ഒരു ചെറിയ മൂവി VLC Media Player ൽ പ്രവർത്തിപ്പിച്ച് കാണുന്നത് പരിശീലിക്കുന്നു.സി.ഡി റൈറ്റിംഗ് പരിശീലനം-CD,DVD K3b ഉപയോഗിച്ച് കമ്പ്യൂട്ടറിലുള്ള ഫയലുകൾ റൈറ്റ് ചെയ്യുന്നതിനുള്ള(മൾട്ടിസെഷൻ) പരിശീലനം.
**കുട്ടികൾഉബുണ്ടു സോഫ്റ്റ്‌വെയർ റൈറ്റ് ചെയ്തു പരിശീലിക്കുന്നു .**

1.20pm- 1.45pm Break.

**1.45pm – 2.30pm ജിയോജിബ്ര**

രേഖ, രേഖാഖണ്ഡം, രേഖാഖണ്ഡത്തിന്റെ നീളം, വൃത്തം, കോൺ, കോണളവ്, പരിവൃത്തം, അന്തർവൃത്തം. സ്ലൈഡറിന്റെ ഉപയോഗം തുടങ്ങിയവയിൽ പ്രാധമിക പരിജ്ഞാനം ലഭിക്കുന്നതരത്തിലുള്ള പരിശീലനം നടത്തണം.

**2.30pm – 3.00pm കമ്പ്യൂട്ടർ ഹാർഡ് വെയർ**

കമ്പ്യൂട്ടർ തുറന്ന് മദർബോർഡ്, ഹാർഡ് ഡിസ്ക്, റാം, എസ്.എം.പി.എസ്, ഡി.വി.ഡി റൈറ്റർ എന്നിവയുടെ കണക്ഷൻ നിരീക്ഷിക്കുന്നു. റാം പുറത്തെടുത്ത് വൃത്തിയാക്കി തിരികെ ഇടുന്നതിനുള്ള പരിശീലനം, സിസ്റ്റം യൂണിറ്റ്, കീ ബോർഡ്,മൗസ് ,മോണിട്ടർ, യു.പി.എസ് എന്നിവ കണക്ട് ചെയ്ത് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം.

3.00-3.15 ഇടവേള

**3.15 pm – 4.00pm കമ്പ്യൂട്ടർ ഹാർഡ് വെയർ തുടർച്ച**

DLP കണക്ട് ചെയ്യുന്നതിനുള്ള പരിശീലനം. പ്രിൻറർ കണക്ട് ചെയ്യുന്നതിനുള്ള പരിശീലനം.പ്രിന്റ് എടുക്കുന്നതിനുള്ള പരിശീലനം

**4.00pm – 4.15pm പരിശീലനം വിലയിരുത്താം.**

കുട്ടികൾ രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് ഒന്നാം ദിവസം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്ത് പൊതുവായി അവതരിപ്പിക്കുന്നു. കൂടുതൽ പരിശീലനം ആവശ്യമുള്ള പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

**4.15pm- 4.30pm Assignment**

സ്കൂൾ ഐ.ടി ക്ലബ്ബിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും സ്റ്റുഡന്റ് ഐ.ടി കോഓർഡിനേറ്ററുടെ ചുമതലകളെക്കുറിച്ചുംചർച്ച ചെയ്യുന്നു.അടുത്ത ദിവസം, അവരുടെ സ്കൂൾ ഐടി ക്ലബ്ബിൽ നടപ്പാക്കാൻ കഴിയുന്ന പ്രവത്തനങ്ങൾ കുറിച്ച് കൊണ്ട് വരാൻ ആവശ്യപ്പെടുന്നു .

# രണ്ടാം ദിവസം

**9.30am -10.00am**

ഒന്നാം ദിവസത്തെ ഡോക്യുമെന്റേഷൻ വായിക്കുന്നു.അവരുടെ സ്കൂൾ ഐടി ക്ലബ്ബിൽ നടപ്പാക്കാൻ കഴിയുന്ന പ്രവത്തനങ്ങൾ അവതരിപ്പിക്കുന്നു . ഒന്നാം ദിവസം കൂടുതൽ പരിശീലനം ആവശ്യമുണ്ടെന്ന് കണ്ടെത്തിയ ഭാഗങ്ങൾ RP വിശദീകരിക്കുന്നു.

10.00am -11.30 എഡ്യൂക്കേഷണൽ പാക്കേജുകൾ (ജനറൽ സെഷൻ),എഡ്യൂക്കേഷണൽ

പാക്കേജുകൾ പരിശീലനം

1. **കെ-ടെക് ലാബ്** (Application -Education -KtechLab)
   കെ-ടെക് ലാബ് സോഫ്റ്റ് വെയർഉപയെഗിച്ച് ബറ്ററി,സ്വിച്ച്, ബൾബ് ഉപയോഗിച്ച് ലഘുസർക്യൂട്ട് നിർമ്മിക്കുക
2. **KStars,SunClock,Marble,Ghemical, RasMol,GPeriodic,Xrmap** തുടങ്ങിയ വിദ്യാഭ്യാസ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുന്നു

11. 30 - 11.45 ഇടവേള

**11.45– 1.15 ആശയങ്ങൾ പങ്കു വെക്കുന്നതിനു ബോഗ്ഗുകൾ**

ആശയങ്ങൾ മറ്റുള്ളവരുമായി പങ്കു വെക്കുന്നതിനു ബോഗ്ഗുകൾ പ്രയോജനപ്പെടുത്തുന്നത് എങ്ങനെയെന്നു പരിശീലിക്കുന്നു. വിവിധ വിഷയങ്ങളുടെ ബ്ലോഗ്ഗുകൾ കാണുന്നു.സ്കൂൾ വിക്കി പരിചയപ്പെടുന്നു . സ്കൂൾ വിക്കിയിൽ വിവരങ്ങൾ ചേർക്കുന്നത് പരിശീലിക്കുന്നു

**1.15-1.45 ഇടവേള**

**1.45 – 2.45 കമ്പ്യൂട്ടറിൽ ഉബുണ്ടു സോഫ്റ്റ്‌വെയർഇൻസ്റ്റോൾ ചെയ്യാൻ പരിശീലിക്കുന്നു .**

**ഇന്റർനെറ്റ് configure ചെയ്യുന്നത്പരിശീലിക്കുന്നു .**

**2.45 –3.15 കുട്ടികളുടെ ഹാർഡ്‌വെയർ സോഫ്റ്റ്‌വെയർ സംബന്ധമായ സംശയങ്ങൾ പരിഹരിക്കുന്നു .**

3.15-3.30 ഇടവേള

3.30 – 4.00 **സ്കൂൾ ഐടി ക്ലബ്ബിൽ നടപ്പാക്കാൻ കഴിയുന്ന പ്രവത്തനങ്ങൾ പ്ലാൻ ചെയ്യൽ.** അടുത്ത രണ്ടു മാസം സ്കൂൾ ഐടി ക്ലബ്ബിൽ നടപ്പാക്കാൻ കഴിയുന്ന പ്രവത്തനങ്ങൾ നാലു ഗ്രൂപ്പ് ആയി ഇരുന്നു പ്ലാൻ ചെയ്യുന്നു സ്റ്റുഡെന്റ് ഐടി ക്ലബ് അംഗങ്ങൾക്കും SSITC ക്കും ഈ പ്രവർത്തനങ്ങൾക്ക് നേതൃതം നൽകുന്നതിനുള്ള പങ്കു ചർച്ച ചെയ്യുന്നു .ഓരോ ഗ്രൂപ്പും അവരുടെ ഗ്രൂപ്പിന്റെ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്നു

4.00 – 4.30 സമാപന സമ്മേളനം